# കേരള സർക്കാർ

**ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്**
**പത്തനംതിട്ട**

| ഫെബ്രുവരി 14 | |
|---|---|
| February 14 | 2020 |

**1193 കുംഭം 01 വെള്ളി**

# പത്രക്കുറിപ്പ് -1



www.prd.kerala.gov.in, diopta1@gmail.com ഫോൺ 0468-2222657


**കൊറോണ രോഗ പ്രതിരോധം: ആയുർവേദ ഡോക്ടർമാർക്ക് പരിശീലനം നൽകി**

കൊറോണ വൈറസ് രോഗബാധയെകുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെകുറിച്ചും ജില്ലയിലെ ആയുർവേദ ഡോക്ടർമാർക്ക് പരിശീലനം നൽകി. ജില്ലാ പഞ്ചായത്ത് ഹാളിൽ നടന്ന പരിപാടിയുടെ ഉദ്ഘാടനം ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ഡോ. എ.എൽ.ഷീജ നിർവഹിച്ചു. ഭാരതീയ ചികിത്സാ വിഭാഗം ഡി.എം.ഒ ഡോ. ഷീലാ മാബ്ലെറ്റ് അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി ഡി.എം.ഒ: ഡോ.സി.എസ് നന്ദിനി, ജീവിതശൈലി രോഗ നിയന്ത്രണ വിഭാഗം നോഡൽ ഓഫീസർ ഡോ. രശ്മി എന്നിവർ പരിശീലന പരിപാടിക്ക് നേതൃത്വം നൽകി.

***ഫോട്ടോ അടികുറിപ്പ് : കൊറോണ*** –കൊറോണ രോഗബാധയെകുറിച്ചും പ്രതിരോധ പ്രവർത്തനങ്ങളെകുറിച്ചും ജില്ലയിലെ ആയുർവേദ ഡോക്ടർമാർക്ക് ജീവിതശൈലി രോഗ നിയന്ത്രണ വിഭാഗം നോഡൽ ഓഫീസർ ഡോ. രശ്മി ക്ലാസ് നയിക്കുന്നു

(പിഎൻപി 741/2020)

**സൂസമ്മ പൗലോസ് പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റ്**

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് വൈസ് പ്രസിഡന്റായി സൂസമ്മ പൗലോസ് തെരഞ്ഞെടുക്കപ്പെട്ടു. അനിൽ മേരി ചെറിയാൻ രാജിവെച്ച ഒഴിവിലാണ് സൂസമ്മ പൗലോസ് തെരഞ്ഞെടുക്കപ്പെട്ടത്. ആകെ 13 അംഗങ്ങളാണ് ഭരണ സമിതിയിൽ ഉള്ളത്. ഏഴ് വോട്ടുകൾക്കാണ് സൂസമ്മ പൗലോസ് ജയിച്ചത്. എതിർ സ്ഥാനാർഥിയായി മത്സരിച്ച അനുരാധ സുരേഷിന് അഞ്ച് വോട്ടുകളും ലഭിച്ചു. ജില്ലാ രജിസ്ട്രാർ റ്റി.കെ.മുരാരി വരണാധികാരി ആയിരുന്നു.

ബ്ലോക്ക് പഞ്ചായത്ത് കോൺഫറൻസ് ഹാളിൽ നടന്ന അനുമോദന സമ്മേളം മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പ്രൊഫ.സതീഷ് കൊച്ചുപറമ്പിൽ ഉദ്ഘാടനം ചെയ്തു. പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബികാ മോഹൻ അധ്യക്ഷത വഹിച്ചു. വിവിധ കക്ഷി നേതാക്കളായ എം.ബി.നൈനാൻ, കെ.ജി.പ്രസാദ്, അഡ്വ.സതീഷ് ചാത്തങ്കരി, ഈപ്പൻ കുര്യൻ, സുമാ ചെറിയാൻ, ശോശാമ്മ മജു, പി.തോമസ് വർഗീസ്, ജോസ് വി.ചെറി, സുജാ മോഹൻ എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 742/2020)

## ഇ-ടെൻഡർ

ഏഴംകുളം ഗ്രാമപഞ്ചായത്തിൽ പട്ടികജാതി കുടുംബങ്ങൾക്ക് വാട്ടർ ടാങ്ക് നൽകുന്ന പദ്ധതിയുടെ ഇ-ടെൻഡർ പ്രസിദ്ധീകരിച്ചു. കൂടുതൽ വിവരം പഞ്ചായത്ത് ഓഫീസിൽ നിന്നും അറിയാം. ഫോൺ: 04734-240637.

(പിഎൻപി 743/2020)

## പ്രതിമാസ മിനി ഡിഫൻസ് പെൻഷൻ അദാലത്ത്

ഡിഫൻസ്, ഡിഫൻസ് സിവിലിയൻ, ഫാമിലി തുടങ്ങിയ പെൻഷൻകാർക്ക് ഡി.പി.ഡി.ഒ കളിൽ മിനി പെൻഷൻ അദാലത്ത് നടക്കും. പെൻഷൻ അദാലത്ത് ഈ മാസം28 ന് രാവിലെ 10 മുതൽ 5 വരെ പത്തനംതിട്ട ഡി.പി.ഡി.ഒയിൽ നടക്കും. വിശദവിവരങ്ങൾക്ക് ഡി.പി.ഡി.ഒ പത്തനംതിട്ടയുമായി ബന്ധപ്പെടുക. ഫോൺ: 0468-2325444 /2220241.

(പിഎൻപി 744/2020)

## ജൈവവൈവിധ്യ പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു

സംസ്ഥാന ജൈവവൈവിധ്യബോർഡ് പുരസ്കാരങ്ങൾക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷകളും അനുബന്ധരേഖകളും ഈ മാസം 29ന് മുൻപായി മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ജൈവവൈവിധ്യബോർഡ്, കൈലാസം, ടി.സി 4/1679(1), നമ്പർ 43, ബെൽഹാവൻ ഗാർഡൻസ്, കവടിയാർ പി.ഒ, തിരുവനന്തപുരം-695 003 എന്ന വിലാസത്തിൽ ലഭിക്കണം. വിശദവിവരങ്ങൾക്കും അപേക്ഷാ ഫോമിനും 0471 2724740 എന്ന നമ്പരിൽ ബന്ധപ്പെടുകയോ www.keralabiodiversity.org എന്ന വെബ്സൈറ്റ് സന്ദർശിക്കുകയോ ചെയ്യുക.

(പിഎൻപി 745/2020)

## റവന്യൂ അദാലത്തും കണക്ഷൻ മേളയും

പി.എച്ച് സബ്ഡിവിഷൻ പത്തനംതിട്ട, റാന്നി എന്നിവയുടെ പരിധിയിലുള്ള പത്തനംതിട്ട, കോന്നി, അടൂർ, റാന്നി, വടശേരിക്കര സെക്ഷൻ കാര്യാലയങ്ങളിൽ നിന്ന് വാട്ടർ കണക്ഷൻ എടുത്തിട്ടുള്ള ഉപഭോക്താക്കളുടെ വാട്ടർ ചാർജ് ബിൽ, വെള്ളം ലഭിക്കാത്ത ഇടങ്ങളിലെ വെള്ളക്കരം കുടിശിക സംബന്ധിച്ച പരാതികൾ പരിഹരിക്കുന്നതിനുള്ള റവന്യൂ അദാലത്ത് മാർച്ച് 17 ന് നടക്കുമെന്ന് ജല അതോറിറ്റി പി.എച്ച് ഡിവിഷൻ പത്തനംതിട്ട എക്സിക്യൂട്ടീവ് എഞ്ചിനീയർ അറിയിച്ചു. ഈ മാസം 29 വരെ സബ് ഡിവിഷൻ കാര്യാലയങ്ങളിൽ കൺസ്യൂമർ നമ്പർ, മൊബൈൽ നമ്പർ, മേൽവിലാസം എന്നിവ സഹിതം ഉപഭോക്താക്കൾക്ക് പരാതികൾ നൽകാം.

(പിഎൻപി 746/2020)

## സൗജന്യ തൊഴിൽ പരിശീലനത്തിന് അപേക്ഷ ക്ഷണിച്ചു

കേന്ദ്ര-സംസ്ഥാന സർക്കാരിന്റെയും കുടുംബശ്രീയുടേയും നേതൃത്വത്തിൽ നടത്തുന്ന തൊഴിൽ നൈപുണ്യ പരിശീലനത്തിന് യുവതീ യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. എറണാകുളം എളമക്കര വിനായക മിഷൻ അക്കാദമി ട്രെയിനിംഗ് സെന്ററിൽ നാല് മാസം മുതൽ ആറ് മാസം വരെ നടക്കുന്ന പരിശീലനത്തിൽ താമസം, ഭക്ഷണം, പഠനോപകരണങ്ങൾ, യൂണിഫോം എന്നിവ സൗജന്യമാണ്. പരിശീലനം പൂർത്തിയാക്കുന്ന അർഹരായവർക്ക് കേന്ദ്ര സർക്കാർ അംഗീകൃത എസ്.എസ്.സി സർട്ടിഫിക്കറ്റ്, സ്ഥിര വരുമാനമുള്ള തൊഴിൽ എന്നിവ ലഭിക്കും. എ.സി-റഫ്രിജറേറ്റർ മെക്കാനിക്ക്, ഹോട്ടൽ മാനേജ്മെന്റ്, എന്നീ കോഴ്സുകളിലേക്ക് എസ്.എസ്.എൽ.സി പാസായ 18 നും 30 നും ഇടയിൽ പ്രായമുള്ള യുവതീ യുവാക്കളിൽ നിന്ന് അപേക്ഷ ക്ഷണിച്ചു. വിശദവിവരങ്ങൾക്ക് 9746841465, 8943169196 എന്ന നമ്പരിൽ ബന്ധപ്പെടുക.

(പിഎൻപി 747/2020)

## മത്സ്യ പരിപാലനം:ഏകദിന ബോധവത്ക്കരണ ക്ലാസ് സംഘടിപ്പിച്ചു

ജില്ലാ ഫിഷറീസ് വകുപ്പ്, ഡിപ്പാർട്ട്മെന്റ് ഓഫ് അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ്, കേരള ഫിഷറീസ് സമുദ്രപഠനം സർവകലാശാല, കോഴഞ്ചേരി സെന്റ് തോമസ് കോളജ് സുവോളജി വിഭാഗം എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ മത്സ്യരോഗ നിവാരണവും പ്രതിരോധവും ഉത്തമ മത്സ്യ പരിപാലന മുറകളിലൂടെ എന്ന വിഷയത്തിൽ ഏകദിന ബോധവത്കരണ ക്ലാസ് നടന്നു. കോഴഞ്ചേരി സെന്റ് തോമസ് കോളജിലെ ഡോ. യൂഹാനോൻ മാർത്തോമാ ഹാളിൽ നടന്ന ബോധവത്കരണ ക്ലാസിന്റെ ഉദ്ഘാടനം ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിച്ചു. സെന്റ് തോമസ് കോളജ് പ്രിൻസിപ്പൽ ഡോ.മാത്യു പി.ജോൺ അധ്യക്ഷത വഹിച്ചു.കേരള ഫിഷറീസ് സമുദ്രപഠനം സർവകലാശാലയിലെ അക്വാട്ടിക് അനിമൽ ഹെൽത്ത് മാനേജ്മെന്റ് വിഭാഗം മേധാവി പ്രൊഫ. ദേവികാപിള്ള ക്ലാസ് നയിച്ചു. ജില്ലാ ഫിഷറീസ് ഓഫീസർ എസ്. പ്രിൻസ്, സെന്റ് തോമസ് കോളേജ് സുവോളജി വിഭാഗം മേധാവി നീനു തോമസ്, അസിസ്റ്റന്റ് പ്രൊഫസർ ഡോ.കെ.റോയി ജോർജ് എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 748/2020)

### പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് ഗ്രാമസഭ

പുളിക്കീഴ് ബ്ലോക്ക് പഞ്ചായത്ത് 2020-21 പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ബ്ലോക്ക് ഗ്രാമസഭ ചേർന്നു. ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അംബികാ മോഹൻ ഗ്രാമസഭ ഉദ്ഘാടനം ചെയ്തു. വികസന കാര്യ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ശോശാമ്മ മജു അധ്യക്ഷത വഹിച്ചു. ഗ്രാമ പഞ്ചായത്ത് പ്രസിഡന്റുമാരായ കെ.ജി.സുനിൽ കുമാർ, മിനിമോൾ ജോസ്, മുൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഈപ്പൻ കുര്യൻ, ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങളായ അഡ്വ.എം.ബി നൈനാൻ, പ്രസന്നകുമാരി ടീച്ചർ, അനുരാധ സുരേഷ്, അന്നമ്മ വർഗീസ്, മുൻ പഞ്ചായത്ത് പ്രസിഡന്റ് ബഞ്ചമിൻ തോമസ്, ആസൂത്രണ സമിതി ഉപാധ്യക്ഷൻ പി.കെ.തോമസ്, കില ഫാക്കൽറ്റി രാജൻ, സെക്രട്ടറി ബീനാകുമാരി എന്നിവർ പ്രസംഗിച്ചു.

(പിഎൻപി 749/2020)

**ഗതാഗത നിയന്ത്രണം**

കോഴഞ്ചേരി, മരോട്ടിമുക്ക്, മേലുകര, കീഴുകര റോഡിൽ നിർമാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നതിനാൽ ഈ വഴിയുള്ള ഗതാഗതം ഇന്ന് (15) മുതൽ മൂന്ന് ദിവസത്തേക്ക് താത്കാലികമായി നിരോധിച്ചിരിക്കുന്നതായി കോഴഞ്ചേരി പി.ഡബ്ല്യൂ.ഡി റോഡ് സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ അറിയിച്ചു. ഈ റോഡിലൂടെ പോകേ വർക്ക് റാന്നി, കോഴഞ്ചേരി റൂട്ട് ഉപയോഗിക്കാവുന്നതാണ്.

(പിഎൻപി 750/2020)

## കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കളുടെ ജില്ലാതല വിതരണ ഉദ്ഘാടനം ഇന്ന് (15) വെച്ചൂച്ചിറയിൽ

പത്തനംതിട്ട ജില്ലാ പഞ്ചായത്ത്, വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത്, കൃഷിഭവൻ എന്നിവയുടെ സംയുക്ത ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന ഇടവിള കൃഷി കിഴങ്ങുവർഗ്ഗ നടീൽ വസ്തുക്കളുടെ ജില്ലാതല വിതരണ ഉദ്ഘാടനം വെച്ചൂച്ചിറയിൽ ഇന്ന് (15) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അന്നപൂർണാദേവി നിർവഹിക്കും. രാവിലെ 11ന് എ.ടി.എം ഓഡിറ്റോറിയത്തിൽ നടക്കുന്ന ഉദ്ഘാടന ചടങ്ങിൽ വെച്ചൂച്ചിറ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് റോസമ്മ സ്കറിയ അധ്യക്ഷത വഹിക്കും. ജില്ലാ പഞ്ചായത്ത് വികസന സ്റ്റാൻഡിംഗ് കമ്മറ്റി ചെയർപേഴ്സൺ എലിസബത്ത് അബു മുഖ്യപ്രഭാഷണം നടത്തും. റാന്നി ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഗിരിജാ മധു, ത്രിതല പഞ്ചായത്ത് പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ തുടങ്ങിയവർ യോഗത്തിൽ പ്രസംഗിക്കും

(പിഎൻപി 751/2020)




.